# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7503 — 14.07.2014 ലെ മറുപടിക്ക്

### താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) 04.06.2012 ലെ 149/2012 തസ്വഭവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട് ; | (എ) 11,594 താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. |
| (ബി) ഇത്തരം കെട്ടിടങ്ങളുടെ ഫോട്ടോ ഉൾപ്പെടെയുള്ള വിവരങ്ങൾ വകുപ്പിൽ ലഭ്യമാണോ ; | (ബി) ഇത്തരം സർട്ടിഫിക്കറ്റ് നൽകുന്ന വീടുകളുടെ പൂർണ്ണ വിവരങ്ങൾ ഫോട്ടോ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കണം എന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) ഇവയിൽ എത്ര കെട്ടിടങ്ങൾക്ക് നിയമപരമായ നടപടികൾക്കുശേഷം റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് ; | (സി) 1,818 കെട്ടിടങ്ങൾക്ക് നിയമപരമായ നടപടികൾക്കുശേഷം റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |
| (ഡി) നിയമാനുസൃത നടപടിക്കുശേഷവും സർട്ടിഫിക്കറ്റ് നൽകാനാവാത്ത എത്ര കെട്ടിടങ്ങളുണ്ടെന്നും, അവയുടെ കാര്യത്തിൽ അടുത്ത നടപടിക്രമം എന്താണെന്നും വ്യക്തമാക്കുമോ ? | നിയമാനുസൃത നടപടിക്കുശേഷവും സർട്ടിഫിക്കറ്റ് നൽകാനാവാത്ത 5731 കെട്ടിടങ്ങളുണ്ട്. അനധികൃതനിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 235W, 235AA എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ